# സരയൂ.

കഥ

പ്രസരിപ്പോടെ എന്റടുത്തേക്കു വരുന്ന അവളെ ഞാൻ സൂക്ഷിച്ചു നോക്കി.
ഒരു ചുണ്ടെലിയെയാണ് പെട്ടെന്ന് ഓർമ്മവന്നത്. ആറുമാസത്തോളം അനാഥമായി കിടന്നിരുന്ന എന്നെ ഏറ്റെടുത്ത് സ്വന്തമാക്കാൻ വരുന്ന അവളോട് എനിക്ക് എന്തെന്നില്ലാത്ത അടുപ്പം തോന്നി.
"സരയുവിന് ഇരിക്കാൻ കസേരയില്ല അല്ലേ."
അടുത്ത സീറ്റിലെ ആൾ സഹതാപത്തോടെ ചോദിക്കുന്നത് കേട്ടു. മറുപടിയായി അവൾ വളരെ നിഷ്കളങ്കമായി ചിരിച്ചതെയുള്ളു. എന്നിട്ട് കുസൃതി തിളങ്ങും കണ്ണുകളോടെ പിറുപിറുത്തു.
"സരയുവിനായി ഒരിപ്പിടം എവിടെയും ഉണ്ടായിരുന്നില്ലല്ലോ".
അവൾക്ക് കിട്ടിയ ഇരിപ്പിടത്തിന്റെ സങ്കീർണ്ണതകൾ, നൂലാമാലകൾ എല്ലാം അവൾക്ക് അജ്ഞാതമായിരുന്നു എന്നെനിക്ക് പെട്ടെന്ന് മനസ്സിലായി.
യാതൊരടുക്കും ചിട്ടയുമില്ലാതെ എന്നിലാകെ ഫയലുകൾ കുന്നുകൂടി കിടന്നിരുന്നു.
അലങ്കോലപ്പെട്ടു കിടന്ന എന്നെ അവൾ സമീപിച്ചത് അവൾക്ക് സ്വതസിദ്ധമായുള്ള വിവരക്കേടു കൊണ്ടാണ് എന്ന് എനിക്ക് മനസ്സിലായി. കളങ്കമില്ലായ്മക്കുള്ള ഒരു തരം ശിക്ഷ.

ആദ്യമായി ഒരുദ്യോഗസ്ഥ ആയതിന്റെ ആവേശം യാഥാർത്ഥ്യം കാണുന്നതിൽ നിന്നും അവളെ തടഞ്ഞിരുന്നു. അവൾ എന്നിലെ കടലാസ്സുകെട്ടുകളെ ഒരു അരികിലേക്ക് മാറ്റിവെച്ച് അവിടെ ഇരുന്നു. എന്നിട്ട് ജനലുകൾക്കപ്പുറത്തേക്കു നോക്കി. അവിടെ അവൾക്കിഷ്ടമുള്ള കാറ്റാടി മരത്തലപ്പുകൾ അവളെ അഭിവാദനം ചെയ്തു. അതവളെ ആശ്വസിപ്പിച്ചു എന്ന് തോന്നി. പിന്നെ, അവളെന്റെ ഒരു ഭാഗം ആയിതീർന്നപ്പോൾ പലപ്പോഴും അവളുടെ ആ പഴയ പുഞ്ചിരിയെ കുറിച്ചു ഞാൻ ഓർത്തു പോകുമായിരുന്നു. ഒരു പുൽകൊടിത്തുമ്പിൽ പോലും തനിക്കായി ഒരു പുഞ്ചിരി ഒളിഞ്ഞിരിക്കണമെന്ന പ്രതീക്ഷിച്ചാഗ്രഹിച്ച് ഒരു മറുപുഞ്ചിരി ചുണ്ടിൻ കോണിൽ ഒളിപ്പിച്ചുവച്ച ഒരു വികാരജീവി ആയിരുന്ന എന്റെ ചുണ്ടെലിക്കുഞ്ഞ്.
അതെ,അവൾ തിരക്കിൽ വെപ്രാളപ്പെട്ടു അങ്ങോട്ടു മിങ്ങോട്ടും ഓടുന്ന ഒരു ചുണ്ടെലിയായിരുന്നു എനിക്കെന്നും.

രാത്രിയിൽ മനുഷ്യർ ഒന്നുമില്ലാതെ ഞങ്ങൾ ഇരിപ്പിടങ്ങളും അലമാരകളും അവയിൽ നിറയെ ഫയലുകളും മാത്രമായി അവശേഷിക്കുമ്പോൾ ഒരു ചുണ്ടെലി എന്നെ സന്ദർശിക്കാറുണ്ടായിരുന്നു. വളരെ പ്രധാനപ്പെട്ട ഒരു കടലാസ് ഒരിക്കൽ അതിനു രുചിച്ചു നോക്കാൻ തോന്നി. അതുകൊണ്ട് തന്നെ എത്രയും വേഗം അത് കഥാവശേഷനാവുകയും ചെയ്തു.
അവളും ഇതു പോലെയായിരുന്നു. ഏതെല്ലാം മനസ്സുകൾ ആണ് അവൾക്കു വേണ്ടി ഉഴിഞ്ഞു വെച്ചിട്ടുള്ളത് എന്നറിയാൻ കഴിയാതെ അവൾ ഇത്തിരി സ്നേഹത്തിനു വേണ്ടി എല്ലാ മനസ്സുകളിലും തൊട്ടു നോക്കുക പതിവായിരുന്നു. ഫയലിന്റെ പ്രാധാന്യം മനുഷ്യ മനസുകൾക്കില്ലാത്തത് കൊണ്ട് അവൾ അപ്പോഴൊക്കെ രക്ഷപെട്ടു.
പക്ഷെ, ഒരോവട്ടവും അത് ഏൽപിക്കുന്ന അഗ്നി നാളങ്ങളിൽ പെട്ട് അവളുടെ ഹൃദയത്തിൻവിരൽ തുമ്പുകൾ പൊള്ളി വികൃതമായിക്കൊണ്ടിരുന്നു. എവിടെയാണ് തന്റെ സ്പർശം ഏറ്റാൽ വിടരും പൂക്കൾ എന്നവൾ പിന്നെയും പിന്നെയും തേടിക്കൊണ്ടേയിരുന്നു...
നീതിന്യായങ്ങളുടെ തൂക്കം നിശ്ചയിക്കുന്ന ഒരാപ്പീസിലെ ഒരു ഇരിപ്പിടമായ എനിക്ക് സരയു എന്റെ ചൈതന്യമായിരുന്നു. വെറും ഒരു മരക്കസേര മാത്രം ആയിരുന്ന എനിക്ക് അവൾ വേറൊരു അസ്തിത്വം നൽകി. അവളുടെ ഉള്ളിൽ എനിക്കും ഒരു സ്ഥാനം തന്നു.
രാവിലെകളിൽപാഞ്ഞു വന്ന് എന്റെ മടിയിലിരുന്ന് തന്റെ ജോലി തുടങ്ങുന്നത് മുതൽ വൈകുന്നേരങ്ങളിൽ ക്ഷീണിതയായി എഴുന്നേറ്റു പോകുന്നത് വരെയുള്ള അവളുടെ ഓരോ ചിന്തകളും എന്നെയും കൂടി തലോടാറുണ്ട്.
അവളുടെ സ്പർശത്തിലൂടെ ആ ഉള്ളു ഞാനറിഞ്ഞു.
തന്റേതെന്ന് വിശ്വസിക്കുന്ന എന്തിനെയും വിടവുകൾ ഇല്ലാതെ സ്വന്തമാക്കിയിരുന്നു സരയു.

കാലക്രമേണ അവളുടെ വിയർപ്പിൻ മണം പോലും എന്നെ സദാ ചൂഴ്ന്നു നിന്നു. അപ്പോഴാണ് ഞാനറിഞ്ഞത് അവളെക്കാൾ അവളെ ഞാൻ അറിഞ്ഞു തുടങ്ങിയിരുന്നു എന്ന്. അല്ലെങ്കിൽ തന്നെ അവൾക്കെന്താണ് അറിയാമായിരുന്നത്. തനിക്കൊന്നും അറിയില്ല എന്നൊരറിവിന്റെ അഭിമാനം മാത്രം അവളുടെ നെറ്റിച്ചുളി വുകൾക്കുള്ളിൽ പതുങ്ങിയിരുന്നു.

ഓരോദിവസവും ആദ്യം കേൾക്കുക സരയുവിന്റെ കാലടി ശബ്ദം ആണ്. ഒരു തേങ്ങലിന്റെ താളമായിരുന്നു അതിന്. ഓഫീസിൽ വേറാരും വന്നിട്ടുണ്ടാവില്ല. ചിലപ്പോൾ അവൾ ഒന്നും ചെയ്യാതെ കണ്ണുകളടച്ചങ്ങനെ ഇരിക്കും.
ഒരിക്കൽ അവൾ എന്നോട് മനസ്സു തുറന്നു. 'ജി' എന്നായിരുന്നു അരുമയോടെ എന്നെ വിളിച്ചിരുന്നത്. "നോക്കു, ജി,എന്റെ കുഞ്ഞി കണ്ണുകളിൽ ഹൃദയത്തിന്റെ ആഴം താണ്ടി ആരെങ്കിലും അതിൽ മുത്തുകൾ കണ്ടെത്തുവാൻ വരുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. വിഫല സ്വപ്നങ്ങൾ. കാലം എന്റെ നിഷ്കളങ്കതയെ ഉള്ളിലേക്ക് ആഴ്ത്തിക്കളഞ ആലിപ്പഴങ്ങൾ പെറുക്കുന്ന,കണ്ണു പൊത്തി കളിക്കുന്ന കഞ്ഞീം കറിയും വെച്ചു കളിക്കുന്ന എന്റെ കുട്ടിത്തത്തെ ആരെങ്കിലും കണ്ടെത്തണമെന്ന ഞാൻ എത്രമേൽ ആഗ്രഹിച്ചിരുന്നുവെന്നോ. കിണറിന്നരികിൽ ഇരുന്ന് ചേല തുന്നി സൂചി കിണറിൽ വീണു പോയ മുത്തശ്ശിയുടെ അവസ്ഥയാണ് എനിക്കിപ്പോൾ. ഒരു പൂർവ്വ ജന്മ ഓർമ്മയുമായി ആരും വന്നതേയില്ല. വേവും മനസ്സിൻനെറ്റിയിൽ തണുപ്പായി ചന്ദനമണിയിക്കാൻ ആരും വന്നതേയില്ല. എനിക്കുവേണ്ടി മാത്രം തുടിക്കുന്നൊരു ഹൃദയത്തിൻ രക്തം കൊണ്ട് എന്റെ സീമന്ത രേഖ തുടുത്തതുമില്ല."
സരയുവിന്റെ മുടി മെല്ലെ നരച്ചു തുടങ്ങിയിരുന്നു. എന്നിട്ടും ചിലപ്പോൾ കണ്ണുകളിൽ തിളങ്ങും കുസൃതിയോടെ അവൾ പറയാറുണ്ട്, എനിക്കൊന്നുറക്കെ കൂവാൻ തോന്നുന്നു.

സ്നേഹത്തിന്റെ കാര്യത്തിൽ സരയു എന്നും അനാഥയായിരുന്നു.
അതുകൊണ്ടു തന്നെ അവളെപ്പോഴും സ്നേഹം ജ്വലിക്കുന്ന ഒരു നെരിപ്പൊടന്വഷിച്ചു.
താൻതന്നെയാണ് തനിക്കേറ്റവും ചൂട് പകരേണ്ടത് എന്ന് ആ വിഡ്ഢിച്ചുണ്ടെലിക്കുഞ്ഞിന് ഒരിക്കലും മനസ്സിലായതുമില്ല.
കുപ്പിച്ചില്ലുകൾ പതിച്ച മതിലുകൾ ആയിരുന്നു അവൾ ആശ്രയിക്കാൻ ശ്രമിച്ച മനസ്സുകൾക്കെല്ലാം.
എന്നിട്ടും ഒരു വിശന്ന പാവം കള്ളനെപ്പോലെ നിസ്സഹായയായി അവിടെല്ലാം പിടിച്ചു കേറാൻ അവൾ ശ്രമിച്ചു.
അപ്പോഴൊക്കെ മുറിവുകൾ ഏറ്റുവാങ്ങി. കുപ്പിച്ചില്ലുകൾ പതിച്ച മതിലുകൾ ആയിരുന്നു എപ്പോഴും അവളുടെ മുന്നിൽ. അത്ഭുതം തന്നെ, അത് വീണ്ടും, വീണ്ടും അവളെ ആകർഷിച്ചിരുന്നത്.
അവ വളരെ പൈശാചികമായി തള്ളിയിടാൻ ശ്രമിച്ചപ്പോളെല്ലാം നടക്കാൻ പഠിക്കുന്ന ഒരു കുട്ടിയുടെ ഭാവമായിരുന്നു അവൾക്ക്. മതിലുകൾ ക്കുള്ളിൽ തനിക്കായി ഒരു പൂങ്കാവനം ഉണ്ടെങ്കിലോ. പൂക്കളും പൂമ്പാറ്റകളും നിറഞ്ഞ ഒരു വസന്തം എവിടെയെങ്കിലും ഒളിഞ്ഞിരിപ്പുണ്ടാകും എന്ന് അവൾ വൃഥാ കരുതി.

സരയു തനിച്ച് തന്റെ ഒറ്റയടിപ്പാതയിലൂടെ നടന്നു കൊണ്ടിരുന്നു. തന്നോട് തന്നെ സംസാരിച്ചും ചിരിച്ചും കരഞ്ഞും തന്നെ തന്നെ തന്റെ ഏറ്റവും വലിയ കൂട്ടുകാരിയായി കെട്ടിപ്പിടിക്കാൻ ശ്രമിച്ചുകൊണ്ട് വീണ്ടും വീണ്ടും പരാജയപ്പെട്ട് വേച്ചു വേച്ചു നടന്നു കൊണ്ടിരുന്നു. ആ യാത്രയിൽ ആരെങ്കിലും വരുമെന്നും തന്നെ ചേർത്തു പിടിച്ച് 'ഞാനില്ലേ കൂടെ',എന്നു പറയുമെന്നും അവൾ പേർത്തും പേർത്തും പ്രതീക്ഷിച്ചു.
ആരും വന്നതേയില്ല. ഇനി ആരെങ്കിലും വരുമ്പോഴാകട്ടെ  പ്രകാശം കാണുമ്പോൾ കണ്ണഞ്ചും ഇരുട്ടായിരിക്കും സരയുവിന്റെ ഉള്ളിൽ.

ഒരു ദിവസം അവൾ വളരെ പരിഭ്രാന്തയായി കാണപ്പെട്ടു. അവൾ എന്തിലേയ്ക്കോ പകച്ചു നോക്കുന്നുണ്ടായിരുന്നു. ഒരു സർപ്പം ഫയലുകൾക്കിടയിൽ നിന്നും സരയുവിനെ തന്നെ നോക്കികിടക്കുന്നു. അത് സരയുവിനെ 'വരൂ'എന്നു വിളിക്കുന്നത് പോലെ തോന്നി. സരയുവാകട്ടെ തിരിച്ച് എന്നിലേക്ക് കൂടുതൽ ചേർന്നിരുന്നു. സംസാരിക്കാൻ ശക്തി കിട്ടിയപ്പോൾ പറഞ്ഞു

"ഫയലുകൾ കുന്നുകൂട്ടി ഇട്ടിരിക്കുന്ന ഇവിടെ ഇങ്ങനെ സംഭവിച്ചില്ലെങ്കിലെ അത്ഭുതമുള്ളൂ.അൽപ്പസമയം കഴിഞ്ഞാൽ ഓഫീസിലെ മറ്റുള്ളവരും വരും. അവർ അതിനെ കൊല്ലുകയും ചെയ്യും."
സരയുവിന്റെ ചിന്തകൾ ഒപ്പിയെടുത്തതു പോലെ അത് പെട്ടെന്ന് എങ്ങോട്ടെന്നറിയാതെ അപ്രത്യക്ഷമായി. ഞാനും സരയുവും പരസ്പരം ആശ്രയം തേടി. ഞങ്ങൾ അത്രക്കും ഭയചകിതർ ആയിരുന്നു.

സരയു ഓഫീസിൽ ആരോടും ഈ സംഭവത്തെ കുറിച്ചു പറയാതിരുന്നത് എന്നെ അത്ഭുതപ്പെടുത്തി. ഫയലുകൾ കൂടി കിടക്കുന്നതിന്റെ അപകട സാദ്ധ്യത അധികാരികളെ അവൾക്ക് ബോധ്യപ്പെടുത്തിക്കൂടെ.... എനിക്ക് അമർഷം തോന്നി.
പക്ഷെ, സരയൂ എന്നിൽ നിന്ന് പോലും എന്തോ മറയ്ക്കാൻ പാടുപെടുന്നതു പോലെ തോന്നി.
"നീ എങ്കിലും എന്നെ അറിയൂ "എന്നവൾ എന്നോട് കേഴുന്നത് ഞാനറിഞ്ഞു. ആ പാമ്പ് വീണ്ടും വരുമെന്ന്തന്നെ എനിക്ക് തോന്നി. സരയു അതിനെ കാത്തിരിക്കുന്നപോലെയും.
എന്റെ ഊഹം ശരിയായിരുന്നു. അടുത്തദിവസവും അത് പ്രത്യക്ഷപ്പെട്ടു. ജോലിത്തിരക്കിനിടയിൽ സരയു ആദ്യമതിനെ കണ്ടതെ ഇല്ല. അതാകട്ടെ ആർത്തിയോടെ സരയുവിനെ നോക്കുന്നു.എനിക്ക് ദേഷ്യം വന്നു. പിന്നീട് അതിനെ കണ്ടപ്പോൾ സരയു വലിയ ഭയമൊന്നും പ്രകടിപ്പിക്കാതെ പറഞ്ഞു "നോക്കു, ജി, ആ പാമ്പ് വീണ്ടും വന്നിരിക്കുന്നു. " സരയുവിന്റെ ശബ്ദത്തിൽ മിശ്രിത വികാരങ്ങളുടെ നിഴൽ."അതെന്തൊണ് എന്നെ ഇങ്ങനെ നോക്കുന്നത്.ചിലപ്പോൾ എന്നെ രക്ഷിക്കാൻ വന്നതാകുമോ".
കുറെ നേരം സരയുവിനെ കണ്ണുകൾ കൊണ്ട് വിളിച്ചിട്ട് ആരോ വരുന്ന കാലൊച്ച കേട്ടപ്പോൾ സർപ്പം അപ്രത്യക്ഷമായി. സരയുവിന് അന്ന് ജോലി കാര്യമായി എടുക്കാൻ കഴിഞ്ഞില്ല. അവളുടെ ഉണ്മയെ സർപ്പം ഇത്ര വേഗം കീഴടക്കി കഴിഞ്ഞുവോ. ഞാൻ അത്ഭുതപ്പെട്ടു.
നാലുദിവസങ്ങളിൽ ഇതാവർത്തിച്ചു. ഓരോ പ്രാവശ്യവും പിടിച്ചു നിൽക്കാനാവാതെ അവൾ പതറുന്നതും ഞാൻ അറിഞ്ഞു."നീ നിന്നെ ഇങ്ങനെ നശിപ്പിക്കാൻ തുനിയുന്നത് എന്തു കൊണ്ടാണ്."
ഒരശരീരി പോലെ എന്റെ സങ്കടം അവിടെങ്ങും മുഴങ്ങി കേട്ടെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു.
എന്നെ അറിയുന്നത് പോലെ അവൾ പറഞ്ഞു.
"ജി,ആത്മഹത്യയെ ഞാൻ എന്നും ഭയപ്പെട്ടിരുന്നു. ജന്മങ്ങളിൽ വിശ്വസിക്കുന്ന എനിക്ക് അങ്ങനെ ചെയ്താൽ അടുത്ത ജന്മം എന്റെ ദുരിതങ്ങളുടെ തുടർച്ച ആകും എന്ന ഭയം ഉണ്ട്. ഈ ജന്മ ദുരിതങ്ങളിൽ നിന്നും ഒളിച്ചോടാതെ പിടിച്ചു നിൽക്കണം. അതല്ലെങ്കിൽ എന്റെ സ്വയം ഹത്യ തിക്താനുഭവങ്ങൾക്കിടയിലെ ഒരു ഇടവേള മാത്രമാകും എന്ന് ഞാൻ ഭയപ്പെടുന്നു. എത്ര ഭീകരം ആണത്."

അപമാനകരമായ ഒരു ജീവിതത്തിൽ അഭിമാനകരമായ ഒരു മരണമെങ്കിലും തൊടുകുറി ചാർത്തിയെങ്കിൽ എന്നവൾ ആഗ്രഹിച്ചു. അതുപോലും ഈ ജീവിതം എന്തു കൊണ്ട് തനിക്കു നിഷേധിക്കുന്നു എന്നവൾ നിസ്സഹായ ആയി.
ആ സർപ്പത്തിന്റെ സാമീപ്യം സരയു തീവ്രമായി ആഗ്രഹിക്കുന്നത് ഞാനറിഞ്ഞു.
"ജി, കണ്ണുകളിൽ സൂര്യതേജസ്സുമായി എത്ര നാൾ ഞാൻ കാത്തിരിക്കും?എത്ര പാഴാണെന്റെ ഈ ജന്മം. കരിന്തിരി കത്തുന്ന ഒരു നിലവിളക്ക്."
സരയുവിനെ എനിക്ക് താമസിയാതെ നഷ്ടപ്പെടുമെന്ന ചിന്ത ഒരു ഈർച്ചവാളുപോലെ എന്നിൽ മുറിവേല്പിച്ചു കൊണ്ടിരുന്നു. സരയു ജോലി രാജി വെച്ചെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചു. പക്ഷെ, അതിന് അവൾക്കാവതില്ലല്ലോ.
അവസാനം തനിക്കേറ്റവും ഭയമുള്ള രൂപത്തിൽ ആണോ രക്ഷകൻ അവതരിച്ചിരിക്കുന്നത്? "സരയുവിനിത്തിരി ചിരിയും വന്നു.
ഒരു ദിവസം അങ്ങനെ അതും സംഭവിച്ചു. സരയു എന്നിൽ നിന്നും എഴുന്നേൽക്കുന്നത് ഞാനറിഞ്ഞു. പാമ്പ് അവൾക്കടുത്തേക്കു ഇഴയുന്നു. പിന്നെ പരവശ യായി സരയു എന്നിലേക്ക് വീഴുന്നതും.... ഒരന്ധന്റെ ബധിരന്റെ ഊമയുടെ നിസ്സഹായത എന്നെ ചൂഴ്ന്നു.
സരയുവിന്റെ തേങ്ങൽ എന്നെ ഉണർത്തി.

"ജീവിതത്തിലേക്ക് തിരിച്ച വരൂ "എന്ന് ഞാനവളോട് അപേക്ഷിച്ച. "മരണത്തിന്റെ വാതിൽ തുറന്നു കഴിഞ്ഞ എന്നോട് നീ എന്താണ് ആവശ്യപ്പെടുന്നത്.?!എന്റെ ജീവിതം പൊട്ടിയ ഒരു വളപ്പൊട്ടായി ആകാശത്തു കിടക്കുന്നുണ്ട്. ഫയലുകൾക്കിടയിൽ പൊടി പിടിച്ചു പൊളിഞ്ഞു കിടക്കുന്ന നിനക്കെങ്ങനെ എന്നെ രക്ഷിക്കാൻ ആകും, പ്രിയ കൂട്ടുകാരാ."

"എന്നെ ദയവു ചെയ്ത് കൊല്ലൂ"എന്ന് സരയു നിലവിളിക്കുന്നത് ഞാൻ കേട്ടു. ഞാനാകെ പിടഞ്ഞു പോയി. അവസാനം സരയു എന്നെ തലോടി പറഞ്ഞുകൊണ്ടിരുന്നു."അതൊന്നും സാരല്യ,ജി".
മരണത്തോട് അടുക്കും തോറും അവൾ മന്ത്രിച്ചു കൊണ്ടിരുന്നു."ഒന്നും സാരല്യ".
ഓഫീസിൽ എല്ലാവരും വന്നപ്പോൾ സരയു കരിനീല നിറമുള്ള മന്ത്രകോടിയും പുതച്ച് പൊളിഞ്ഞ ആ കസേരയിൽ..... ഇരുന്നുറങ്ങുന്നത് പോലെ....

സരയുവിന്റെ മരണം ഓഫീസിൽ പല മാറ്റങ്ങൾക്കും നിമിത്തമായി. ഫയലുകൾ കുന്നുകൂട്ടി ഇടുന്നതിന് വിരാമമായി.
ഓഫീസ് സുന്ദരമായി.
ഓഫീസ് മോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി എന്നെയും അവർ ഉപേക്ഷിച്ചു. അത്ഭുതം തന്നെയാണ്, പിന്നീട് എന്റെ അവസാനം സരയുവിന്റെ വീട്ടിലെ അടുപ്പിലായിരുന്നു. തീജ്വാലകൾ എന്നെ ഏറ്റെടുത്ത് അനന്തതയിലേക്ക് ഉയർന്നപ്പോൾ സരയുവിന്റെ ചൈതന്യം എന്നെ ഉമ്മ വെക്കുന്നു എന്ന് തോന്നി.
തീനാളങ്ങൾക്കിടയിൽ ഞാനൊരു നൃത്തമായി മാറി എന്നോടൊപ്പം സരയുവും.

To

mag@emalayalee.com

സുലേഖാ മേരി ജോർജ്...1958 ഇൽ പെരിന്തൽ മണ്ണയിൽ ജനനം. സ്വാതന്ത്ര്യസമരസേനാനികൾ ആയ സി.എസ്.ജോർജ് ന്റെയും കൂത്താട്ടുകുളം മേരിയുടെയും മകൾ. സ്വാമി ശൂന്യം ഭർത്താവ്(ബാബു പോൾ).ഒരേ ഒരു മകൻ, അനന്ത്, ഭാര്യ, നീതു. പേരാക്കിടാവ്,ആദം.
ആനുകാലികങ്ങളിൽ എഴുതാറുണ്ട്. "breast milk"എന്ന് പേരായ ഒരു English novel പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ചെറുകഥക്ക് K. A. കൊടുങ്ങല്ലൂർ സ്മാരക അവാർഡ് ലഭിച്ചു. E-malayalee മാസിക നടത്തിയ ഒരുചെറുകഥാ മത്സരത്തിൽ പ്രോത്സാഹന സമ്മാനം ലഭിച്ചു.ഹൈക്കോടതിയിൽ ഡെപ്യൂട്ടി റെജിസ്ട്രാർ ആയിരുന്നു.2015 ഇൽ വിരമിച്ച
വിലാസം: പ്രണയകുലം
മേവവെള്ളൂർ po
Ph+91 9496300151